*cation at all and to criticise the policy of the Public Works Department in not opening a road in that Village in spite of the repeated undertakings of the Government on the floor of the Legislative Council.* Sir, in moving this cut motion I do not want to make a speech. This cut motion is only intended to bring to the notice of the Public Works Department the promise they had made in 1116 that this will be considered in the Road Board programme which was taking place in 1117. I want to bring to the notice of this House that this is one of the few Villages in Cochin State which really suffer for want of a road. The distance come to only to 2 miles and without any great cost this can be taken up and completed. With these few remarks I commend this motion to the acceptance of this House.

മിസ്റ്റർ കെ. ടി. അച്യുതൻ: എനിക്കും ഇതിനെപ്പറ്റി രണ്ടു വാക്കു പറയുവാനുണ്ട്. ഇപ്പോൾ ഇരിങ്ങാലക്കുടയിൽനിന്നു കാക്കത്തുരുത്തിവരേയും, വടക്കുംകരനിന്നു മതിലകത്തു വരേയും റോഡുണ്ട്. അതിന്നു മദ്ധ്യേയാണു് പടിയൂർ. അവിടെനിന്നു രണ്ടുനാഴിക വടക്കോട്ടോ രണ്ടുനാഴിക തെക്കോട്ടോ പോയാലേ ഈ രണ്ടു റോഡുകളും തമ്മിൽ കണക്കറ ചെയ്യുവാൻ സാധിക്കുകയുള്ളൂ. പടിയൂർ വില്ലേജിൽ ഒരു പ്രത്യേകറോഡിന്റെ ആവശ്യമുണ്ടു്. അതിനെ സംബന്ധിച്ചു റോഡു ബോർഡുകാർ പണികൊക്കായി കുറെ തുക നീക്കിവെച്ചിരുന്നുവെന്നാണു് ഞാൻ അറിയുന്നതു്. ഇനിയെങ്കിലും ഇക്കാര്യത്തിൽ അമാന്തിക്കാതെ ഗവമ്മെണ്ടു് ഇതിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നാപേക്ഷിച്ചുകൊണ്ടു് ഞാൻ ഇതിനെ പിൻതാങ്ങുന്നു.

**Mr. V. K. Aravindaksha Menon** *(Chief Engineer):* Sir, the locality between Karupada na and Kattur can be divided into 3 distinct areas, that is from Vallivat am to Aripalam, Aripalam to Kakkathurithi and Kakkathurithi to Kattur. But of these 3 sections we are now taking action for actual construction of road between Vallivattam and Aripalam and also from Kakkathurithi to Katiur. This road lies in the middle and this question has not yet been taken up. I have promised them few years ago and placed the matter before the Road Board and they looked into the question and they thought it was necessary but on account of other pressing needs and also on account of the facts that communication between Vallivattam, Aripalam and Kattur had to be taken up first that this area may be taken up in the next scheme and so that was dropped at that time. I may assure the Member that this will again be placed before the Road Board.

**Mr. Puthur Achyutha Menon** *(Kattur):* In view of the assurance of the Chief Engineer I do not want to press this motion. But I have to say one word to the Road Board Members. Before they fix up the roads let the Road Board Members consider which are the villages where roads are absolutly necessary. My purpose in bringing this motion to the House is to draw the attention of the Road Board Members and the Public Works Department. That is all. I beg leave of the House to withdraw this Motion.

*Cut motion was by leave withdrawn*

## CUT MOTION No. 23

### Kuzhur-Kundur Road

മിസ്റ്റർ സി. എസ്സ്. പണിക്കർ: മിസ്റ്റർ ചെയർമാൻ, ഇതിന്നുമുമ്പു ഞാൻ ആവശ്യപ്പെട്ടതായിരിക്കുന്ന റോഡിന്റെ മാതിരി നവീനതമുള്ള ഒരു പ്രശ്നമല്ല ഇതു്. ഫ്രാൻസുമതൽ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ കൊണ്ടുവരപ്പെട്ടിട്ടുള്ള ഒന്നാണു് ഇതു് എന്നു പറയേണ്ടിവരുന്നതിൽ എനിക്കു് അതിയായ മനോവേദനയുണ്ടു്. ആദ്യമായി പഞ്ചായത്തുവഴിക്കും, പിന്നീടു് പബ്ലിക്കു് വർക്കു് ഡിപ്പാർട്ടുമെണ്ടു വഴിക്കും ഈ റോഡിന്റെ ആവശ്യകത തദ്ദേശനിവാസികൾ സുതരാം വ്യക്തമാക്കിട്ടുണ്ടു്. എന്നിട്ടും ഇതിനു് ഇത്രമാത്രം കാലതാമസ്സം നേരിടുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഈ റോഡിന്റെ ആവശ്യകതയെക്കുറിച്ചു് അസന്നിശ്ചിതമായ ഭാഷയിൽ, ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു മനസ്സിലാകാവുന്നവിധത്തിൽ അന്നാട്ടുകാർ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. ഇതിന്റെ ഉപയോഗം നിസ്സീമമാണു്. കുഴൂർ എന്ന പ്രദേശം അമ്മൂർ നിയോജകമണ്ഡലത്തിലെ ജനബാഹുല്യമുള്ള ഒരു പ്രദേശമാണു്. ആ പ്രദേശത്തുനിന്നു കൊടുങ്ങല്ലൂർ, പറവൂർ മുതലായ പ്രദേശങ്ങളിലേക്കു പോകണമെങ്കിൽ കുണ്ടൂരിൽക്കൂടി പോകുകയാണു് ഏറ്റവും എളുപ്പമായ മാർഗ്ഗം. എന്നാൽ കുണ്ടൂരിലേക്കു കടക്കണമെങ്കിൽ വേനൽകാലത്തും വർഷകാലത്തും ഒരുപോലെ ബുദ്ധിമുട്ടായിട്ടാണു് കാണുന്ന

LIBRARY ARCHIVES Kerala Legislative Assembly

ള്ളൂ. ആ വഴിയുടെ നീളമല്ല ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പ്രധാനമായ ഒരു തടസ്ഥമായി പരണമിക്കുന്നതെന്നു് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ഏതാനും കുറെ സ്ഥലത്തു് കോർപ്പറേഷൻ പരിധികളിൽക്കൂടി പോകേണ്ടതായിട്ടുണ്ടു്. എന്നാൽ ആ സ്ഥലം റോഡാവശ്യത്തിനുപയോഗിക്കുകയാണെങ്കിൽ വളരെ നിസ്സാരമായ ഒരു ചിലവേ വരികയുള്ളൂ. കുഴൽ നിന്നു കണ്ണൂരിലേക്കു പോകേണ്ടതായ പ്രദേശം കൊല്ലത്തിൽ ആറുമാസക്കാലവും വെള്ളത്തിന്റെ ഉപദ്രവംമൂലം യാതൊരു സഞ്ചാരസൌകര്യവും ഇല്ലാതെയാണിരിക്കുന്നതു്. ഇതിനെ കണ്ണൂരുമായി ഘടിപ്പിക്കുകയാണെങ്കിൽ ഗവമ്മെണ്ടിനു പലവിധത്തിലുള്ളതായിരിക്കുന്ന ആദായങ്ങളും ലഭിക്കുവാൻ വഴിയുണ്ടു്. ഇന്നു് ഗവമ്മെണ്ടിനു തക്ഷ്യവകുപ്പിലേക്കു വേണ്ടുന്ന പലേ സാധനങ്ങളും കൃഷ്ണൻകോട്ടയിൽനിന്നു മാളു വഴിക്കു വേണം കുഴിയിലേക്കു കൊണ്ടുവരുവാൻ. അങ്ങിനെ കൊണ്ടുവരുന്നതിനു് പലവിധത്തിലുമുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ടെന്നു ഗവമ്മെണ്ടിനുതന്നെ ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. നേരെമറിച്ചു് ഒന്നര മൈൽ നീളമുള്ള ഈ റോഡു പുതുക്കിപണിക്കുകയാണെങ്കിൽ കൊടുങ്ങല്ലൂരിനോടുകൂടി ഈ റോഡിനെ സംഘടിപ്പിക്കുവാൻ സാധിക്കുന്നതാണു്. ഇതിന്റെ അത്യാവശ്യകത ഇതുവരെ ഗവമ്മെണ്ടിനു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഇതിനുമുമ്പു പലേ അവസരങ്ങളിലും ഈ സഭയുടെ ദൃഷ്ടിയിൽ ഈ സംഗതി കൊണ്ടുവന്നിട്ടുള്ളതാണെന്നു് ഇവിടെയുള്ള പ്രൊസീഡിംഗ്സു് എടുത്തു നോക്കിയാൽ അറിയാവുന്നതാണു്. അതുകൊണ്ടു് ഈ റോഡിന്റെ അത്യാവശ്യകത ഗവമ്മെണ്ടു നല്ലപോലെ മനസ്സിലാക്കി അതിനു വേണ്ടതായ പ്രവൃത്തികൾ അടുത്തുതന്നെ തുടങ്ങുവാനുള്ള ഒരു അഭ്യർത്ഥനയോടുകൂടി എന്റെ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്റെ സ്നേഹിതൻ അവതരിപ്പിച്ചിരിക്കുന്ന ഈ ആവശ്യത്തെ ഞാൻ പിൻതാങ്ങുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, ഈ റോഡു തുറക്കുകയാണെങ്കിൽ ഗവമ്മെണ്ടിനു വലിയ ആദായമുണ്ടാകുമെന്നു പറഞ്ഞു. ഗവമ്മെണ്ടിനു ഒരു ആദായവുമുണ്ടാകുന്നില്ലെങ്കിൽകൂടി റോഡു ഉണ്ടാക്കിക്കൊടുക്കേണ്ടതാണു് കാരണം, അതു ജനങ്ങൾക്കു വളരെ ആവശ്യമാണു്. കണ്ടും കുഴിയും ഉള്ള ദിക്കുകളിൽ റോഡുവേണം. കണ്ണൂരും കുഴൽനും തമ്മിൽ ഘടിപ്പിക്കുന്ന റോഡു എത്രമാത്രം ആവശ്യമാണെന്നു പറയാതെ തരമില്ല. ഈ റോഡിന്റെ കാര്യത്തെപ്പറ്റി ഈ നിയമസഭയിൽ ഞാൻ അഡൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന കാലത്തു പലപ്പോഴും ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണു്. അക്കാലത്താണു് റോഡിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ നടത്തുവാൻ ഗവമ്മെണ്ടിൽനിന്നും റോഡുബോർഡു ഏർപ്പെടുത്തിയതു്. നിയമസഭയിൽ ആവശ്യപ്പെട്ടപ്പോൾ ഇക്കാര്യം റോഡുബോർഡിനോടു പറഞ്ഞാൽ മതിയെന്നു എഞ്ചിനീയർ മെമ്പർ ഉപദേശിച്ചു. ആ ബോർഡിലെ മെമ്പറായി ഒരു സായിപ്പുകൂടി ഉണ്ടായിരുന്നു. ആ സായിപ്പിനെ കുറെ ബുദ്ധിമുട്ടിച്ചാലെങ്കിലും റോഡുണ്ടാക്കുമല്ലോ എന്നു വിചാരിച്ചു അദ്ദേഹത്തെ കുഴൽ മുതൽ കണ്ണൂർ വരെ നടത്തിച്ചു. അവിടെ റോഡുബോർഡുകാർ വന്നു ഈ പ്രദേശം മുഴുവൻ നടന്നു കണ്ടതിനുശേഷം ഒരു റോഡു വേണ്ടതാണെന്നു അവർ തിരുമാനിച്ചു പോകയുണ്ടായി. റോഡുബോർഡുകാർ അവിടെവന്നു ഇതിനെക്കുറിച്ചു തീരുമാനിച്ചു സ്ഥിതിക്കു ഞാനുംകൂടി അവരോടുകൂടി ഇരിക്കേണ്ടതായിരുന്നു. പക്ഷെ ഞാൻ ആ കാര്യം മറന്നുപോയി. റോഡുബോർഡുകാർ റോഡുകൂടി പങ്കുവെച്ച കൂട്ടത്തിൽ ഈ റോഡു പെട്ടിട്ടില്ലെന്നു് അതിനുശേഷമാണു് മനസ്സിലായതു്. ഞാൻ ആ റോഡുബോർഡു മെമ്പർമാരെ ആക്ഷേപിക്കുകയല്ല ചെയ്തതു്. ഞാനും ഇതിനെപ്പറ്റി ഈ നിയമസഭയുടെ മുമ്പിൽ ആവശ്യപ്പെട്ടിരുന്നു. ഇനിയെങ്കിലും നീട്ടിവെക്കാതെ എത്രയും പ്രധാനപ്പെട്ട ഈ റോഡു ഉടനെ തീർത്തുകിട്ടണമെന്നു ഞാൻ ഗവമ്മെണ്ടിനോടപേക്ഷിക്കുന്നു. കുഴൽനും വളരെ ജനബാഹുല്യമുള്ള ഒരു പ്രദേശമാണു്. കണ്ണൂരും ജനബാഹുല്യമുള്ള ഒരു പ്രദേശമാണു്. രണ്ടിന്റെയും മദ്ധ്യത്തിൽ ഒരു വയൽ ഉണ്ടു്. അവിടെ റോഡുണ്ടാക്കുവാൻ കുറെ ചിലവു വന്നാലും അതൊക്കെ സഹിച്ചു റോഡുണ്ടാക്കുകതന്നെ വേണം. ഇതു കുറെക്കാലമായി ഗവമ്മെണ്ടിന്റെ ഫയലിൽ സ്ഥലം പിടിച്ചിട്ടുള്ള ഒരു റോഡാണു്. അതുകൊണ്ടു ഇക്കാര്യത്തിൽ നല്ലവണ്ണം ശ്രദ്ധിച്ചു റോഡുബോർഡിന്റെ ലിസ്റ്റിൽ ആദ്യത്തെ ഇനമായി ചേർക്കണമെന്നു ഞാൻ ഗവമ്മെണ്ടിനോടപേക്ഷിക്കുന്നു.

മിസ്റ്റർ പി. കെ. പോറ്റി: കണ്ണൂർ എന്ന പദത്തിൽനിന്നുതന്നെ കണ്ണുകളാൽ നിറഞ്ഞ ഊരു് എന്നു അർത്ഥമാണു് വരുന്നതു്. അതുപോലെ കുഴൽ എന്നു പറഞ്ഞാൽ കുഴികളെകൊണ്ടു നിറഞ്ഞ ഒരു പ്രദേശം എന്നാണു് അർത്ഥം. ഇങ്ങിനെ കണ്ടും കുഴിയും ആയുള്ളതു നിര

LIBRARY ARCHIVES Kerala Legislative Assembly

ത്തി ഒരു നിരത്തുണ്ടാക്കുന്നതു വളരെ അത്യാവശ്യമായ ഒന്നാണു് എന്നു ആ പദത്തിൽനിന്നു തന്നെ വ്യക്തമാകുന്നുണ്ടു്. അധികം താമസിയാതെ കണ്ണിനെപ്പറ്റി ഒരു ചെറിയ പഴഞ്ചൊല്ലുണ്ടു്. "കണ്ടും കഴിക്കും കണ്ടൂർക്കാരൻ" എന്നു പറയാറുണ്ടു്. സാധാരണയായി ആളുകൾ ഊണിനു മുമ്പു കുളി കഴിയുമെങ്കിലും കണ്ടൂർക്കാക്കുമാത്രം അതിൽ ഒരു വ്യത്യാസമുണ്ടു്. കുളിയും ഊണും കഴിഞ്ഞു പുറത്തേക്കിറങ്ങി ഒരു ഫർലോങ്ങു് വഴി നടന്നാൽ വീട്ടിൽ ചെല്ലുമ്പോൾ അയാൾക്കു വീണ്ടും കുളിക്കാതെ നിവൃത്തിയില്ല. വാസ്തവത്തിൽ ഇതു ഒരു അത്ഥവത്തായ പഴഞ്ചൊല്ലാണു്. കുളിയും ഊണും കഴിഞ്ഞു പുറത്തിറങ്ങിയാൽ വഴിയുടെ കിടപ്പിന്റെ രീതികൊണ്ടു ചളിൽക്കൂടി നടക്കാതെ തരമില്ല. അതിനായിട്ടു വീണ്ടും ഒരു സ്നാനംകൂടി ആവശ്യമായി വരുന്നു. ഇങ്ങിനെയുള്ള ഒരു പ്രദേശത്തു വഴിയുണ്ടാക്കേണ്ട കാര്യത്തെപ്പറ്റി സ്ഥലത്തുചെന്നു നോക്കേണ്ട ആവശ്യംതന്നെയില്ല. ചെന്നു നോക്കണമെന്നു പറഞ്ഞാൽ അവരതിനു് തയ്യാറുമില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഒരു സഞ്ചാരപരിപാടി ഉദ്ദേശിച്ചിട്ടുണ്ടു് എന്നു്. അവിടെ കാറകം ഒന്നും കൊണ്ടുപോകുവാൻ സാദ്ധ്യമല്ല.

"വെള്ളമില്ലാദിക്കിൽ വള്ളം നടക്കുമോ?
വെള്ളത്ത് ലോട്ടമോ ചാട്ടം രഥങ്ങളും?"

എന്നു പറഞ്ഞതുപോലെ ആ പ്രദേശത്തിൽക്കൂടി കാറിൽ പോകുവാൻ ബുദ്ധിമുട്ടുണ്ടു്. ആയതുകൊണ്ടു ഈ റോഡു വളരെ അത്യാവശ്യമുള്ളതിനാൽ താമസംവിനാ ശരിപ്പെടുത്തിക്കൊടുക്കേണ്ടതാണെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

**Mr. V. K. Aravindaksha Menon** *(Chief Engineer):* Sir, the question of constructing this road had been brought to the notice of this House from very many years as stated by the Hon'ble Member. This proposal was placed before the Road Board and the sub-committee inspected this road and they said that it will be very useful. They have said "the cost at present will be very prohibitive and so it may lie for better times". They had in view the construction of a very high embankment for the low lying fields which are subject to heavy floods, from the Chalakkudy river. I shall again place this matter before the Road Board with the modification that for the present it may not be absolutely necessary to have a high road embankment to be above high floods. If an ordinary road 3 feet wide which is submergable during high floods is to be constructed the cost can be reduced to a very great extent without impairing the utility of the road. Even very many important roads in our State are submerged for more than 4 or 5 days. Even our Highway in some places at Alwaye and Chalakudy is submerged for 3 or 4 days. If a road of that sort will be sufficient the cost can be ruduced to some extent. I shall place this matter before the Road Board nd get their opinion in the matter.

മിസ്റ്റർ സി. എസ്സ്. പണിക്കർ: ഈ റോഡ് മലവെള്ളക്കാലത്തു് അധികം മുങ്ങിപോവുകയാണെങ്കിൽ അതിൽ അധികം വൈഷമ്യമുണ്ടാകുമെന്നു തോന്നുന്നില്ല. ഇതു് ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയരുടെ ഉറപ്പിന്മേൽ എങ്ങിനെയെങ്കിലും ഒരു റോഡുണ്ടായാൽ മതിയെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

*Cut motion, by leave, withdrawn*

## CUT MOTION No. 24

### Bus stand at Kunnamkulam

**Mr. Paramel Ipe Ipe** *(Kunnamkulam):* I rise to move a cut of Rupee 1 in the allotment of Rs. 9,57,390 for 3-Building in Demand No. 30-Public Works. The purpose of this motion is *to urge upon the Government the immediate necessity to construct a bus stand with a waiting room at Kunnamkulam.* Though apparantly it may look to be a question of local importance but if the matter is looked into and scrutinised, it will be found to be a necessity of all Cochin Travelling public. The proximity of Kunnamkulam to the famous Guruvayoor temple has made the road through Kunnamkulam a very important one, where people have to wait for buses for hours and hours together. If I remember correctly it is more than two decades since bus traffic was started along these roads, and the more important factor that we have to consider is the places to which the buses run. For instance, from Kunnamkulam we have buses to Pattambi, Shoranur, Palghat, Vadakkancheri, Trichur and many other places. Now, through this place especially on the 30th and 1st of every month not only from all parts of Cochin but also from all parts of British India people go to the Guruvayoor temple. Now they return from Guruvayoor in buses not running through to Trichur or to other places of destination. Thus they will have to alight at Kunnamkulam and to take the bus to Trichur or Vadakkancheri or Pattambi or other

LIBRARY ARCHIVES Kerala Legislative Assembly